**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5154** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂനികുതി നിർണയിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂനികുതി നിർണയിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ; പ്രസ്തുത മാനദണ്ഡങ്ങൾ പ്രസ്താവിച്ചിരിക്കുന്ന ഉത്തരവിന്റെ വിശദാംശം നൽകാമോ; | (എ) | കേരള ലാൻഡ് ടാക്സ് ആക്റ്റ് 1961ലെ രണ്ടാം വകുപ്പ് പ്രകാരം ഒഴിവാക്കിയിട്ടുള്ള ഭൂമികളും സർക്കാർ വക ഭൂമികളുമൊഴികെ സംസ്ഥാനമൊട്ടാകെയുള്ള എല്ലാ ഭൂമികൾക്കും ഇനമോ തരമോ കണക്കിലെടുക്കാതെ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ഭൂനികുതി ചുമത്തുന്നു. സർവ്വെ ചെയ്ത ഭൂമികൾക്ക് നികുതി ചുമത്തേണ്ടത് ഓരോ കൈവശ ഭൂമിയുടെയും റവന്യൂ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തീർണ്ണത്തെ ആസ്പദമാക്കിയാണ്. നികുതി ദായകർ ഓരോ വർഷത്തേയും നികുതി അതാത് വർഷം ഒക്ടോബർ മാസം 15-ാം തീയതിയോ അതിനുമുമ്പോ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ ഒടുക്കേണ്ടതും ഇതിൽ വീഴ്ച വരുത്തിയാൽ കുടിശ്ശിക തുകയ്ക്ക് തുടർന്ന് വരുന്ന ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ പ്രതിവർഷം ഒൻപത് ശതമാനം നിരക്കിൽ പലിശ ഈടാക്കുന്നതുമാണ്. |
| (ബി) | സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ ഭൂനികുതിയിൽ വർദ്ധനവ് വരുത്തിയത് എന്നാണെന്നും എത്ര ശതമാനം വർദ്ധനവാണ് വരുത്തിയതെന്നും അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ ഭൂനികുതിയിൽ വർദ്ധനവ് വരുത്തിയത് 2022-ലാണ്. 01.04.2022 തീയതി മുതലാണ് ടി വർദ്ധനവ് പ്രാബല്യത്തിൽ വരുന്നത്.<br><br>സംസ്ഥാനത്ത് പഞ്ചായത്ത് ഏര്യായിൽ 8.1 ആർസ് വരെയുള്ള ഭൂമിയുടെ നികുതി 100 ശതമാനം വർദ്ധിപ്പിച്ച് ഒരു ആറിന് പ്രതിവർഷം 2.5 രൂപയിൽ നിന്നും 5 രൂപയായി വർദ്ധിപ്പിച്ചു. 8.1 ആറിന് മുകളിലുള്ള ഭൂമിയുടെ നികുതി 50 ശതമാനം വർദ്ധിപ്പിച്ച് ഒരു ആറിന് 6 രൂപയിൽ നിന്നും 8 രൂപയാക്കി. മുൻസിപ്പാലിറ്റി ഏര്യായിൽ 2.43 ആർസ് വരെയുള്ള ഭൂമിക്ക് 100 ശതമാനം വർദ്ധിപ്പിച്ച് 5 രൂപയിൽ നിന്നും 10 രൂപയാക്കി. 2.43 ആർസിന് മുകളിൽ 50 ശതമാനം വർദ്ധിപ്പിച്ച് 10 രൂപയിൽ നിന്നും 15 രൂപയാക്കി. കോർപ്പറേഷൻ ഏര്യായിൽ 1.62 ആർ വരെയുള്ള ഭൂമിക്ക് 100 ശതമാനം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിച്ച് പ്രതിവർഷം 10 രൂപയിൽ നിന്നും 20 രൂപയാക്കി. 1.62 ആർസിനു മുകളിൽ 50 ശതമാനം വർദ്ധിപ്പിച്ച് 20 രൂപയിൽ നിന്നും 30 രൂപയാക്കി. |
| (സി) | ഭൂനികുതി വർദ്ധിപ്പിച്ചതിലൂടെ സർക്കാരിന് ഉണ്ടായ വരുമാന വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കാമോ? | (സി) | ജില്ലകളിൽ നിന്നും ലഭ്യമായ DCB കണക്കുകൾ പ്രകാരം ഭൂനികുതി വരുമാനം 2022 മാർച്ചിൽ 132.99 കോടി രൂപയായിരുന്നത് ഭൂനികുതി വർദ്ധിപ്പിച്ചതിലൂടെ 2023 മാർച്ചിൽ 212.37 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. അപ്രകാരം സർക്കാരിന് ഭൂനികുതി വർദ്ധിപ്പിച്ചതിലൂടെ 79.38 കോടി രൂപ വരുമാന വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ